**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 623** **17-09-2025 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക വികസന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായനിക്ഷേപത്തിൽ കാര്യമായ വളർച്ച ഉണ്ടായിട്ടുണ്ടോ; സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്ഥലം ഉപയോഗപ്പെടുത്തി കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>വ്യവസായ വാണിജ്യവകുപ്പ് നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 3,53,127 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും ഇതിന്റെ ഭാഗമായി 22,688.46 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുകയുമുണ്ടായി.<br><br>സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുള്ള, വ്യവസായ ആവശ്യത്തിന് ഉപയുക്തമായ സ്ഥലം പ്രയോജനപ്പെടുത്തി കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുള്ള പദ്ധതികളും സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയും കാമ്പസ് വ്യവസായ പാർക്ക് പദ്ധതിയും നിലവിൽ വന്നിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഒഴിഞ്ഞു കിടക്കന്ന ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പി.പി.പി മോഡൽ പദ്ധതിയുടേയും, സഹകരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്തി സഹകരണ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെയും നടപടികൾ പുരോഗമിക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര 443 വ്യവസായ യൂണിറ്റുകൾക്ക് ഭൂമി അനുവദിക്കുകയും ആയതിലൂടെ 3357/- കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 2000/- |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ വ്യവസായ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ കിൻഫ്ര നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br><br>1. കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, പെരുമ്പാവൂർ.<br><br>2. കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട് (ഫേസ് 2).<br><br>3. യൂണിറ്റി മാൾ, തിരുവനന്തപുരം.<br><br>4. പെട്രോക്കെമിക്കൽ പാർക്ക് - എറണാകുളം.<br><br>5. അഡ്വാൻസ് ടെക്നോളജി പാർക്ക്, പുഴയ്ക്കൽപ്പാടം, തൃശ്ശൂർ<br><br>6. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ഫേസ് 2) തിരുവനന്തപുരം.<br><br>7. ലാൻഡ് ബാങ്ക്, കണ്ണൂർ |
| (ബി) | സ്മാർട്ട് സിറ്റി പദ്ധതിയിലെ കരാർ വ്യവസ്ഥകൾ പാലിക്കാത്ത ടീകോമിന്റെ പ്രവർത്തനം ഫലപ്രദമാകാതിരുന്നിട്ടും ഐ.റ്റി. വ്യവസായ മേഖലയിൽ കേരളത്തെ ലോകോത്തര നിലവാരത്തിലേക്കെത്തിക്കാനുള്ള പ്രവർത്തനം ഈ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | (ബി) & (സി)<br><br>ഉണ്ട്.<br><br>സർക്കാർ നടപ്പിലാക്കിയ പുത്തൻ നയങ്ങളും നൂതന ആശയങ്ങളും മൂലം കേരളത്തിലെ ഐ.ടി. മേഖലക്ക് മികച്ച നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി, നിക്ഷേപത്തിലും സോഫ്റ്റ്‌വെയർ കയറ്റുമതിയിലും തൊഴിലവസരങ്ങളിലും ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ ഐ.ടി. വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. **ടെക്നോപാർക്ക്**<br>2016-17-ൽ 370 ആയിരുന്ന കമ്പനികളുടെ എണ്ണം 2024-25-ൽ 500 ആയി വർധിച്ചു. നേരിട്ടുള്ള തൊഴിലവസരങ്ങൾ 2016-17-ൽ 51,860 ആയിരുന്നത് 2024-25-ൽ 80,000 ആയി വർധിച്ചു. സോഫ്റ്റ്‌വെയർ കയറ്റുമതി 2016-17-ൽ 5000 കോടി രൂപയായിരുന്നത് 2024-25-ൽ 14,575 കോടി രൂപയായി ഉയർന്നു. ഐ.ടി. സ്പേസ് 2016-17-ൽ 85.1 ലക്ഷം ചതുരശ്ര അടിയായിരുന്നത് 2024-25-ൽ 127.2 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. **ഇൻഫോപാർക്ക്**<br>2016-17-ൽ 328 ആയിരുന്ന കമ്പനികളുടെ എണ്ണം 2024-25-ൽ 583 ആയി വർധിച്ചു. നേരിട്ടുള്ള തൊഴിലവസരങ്ങൾ 2016-17-ൽ 32,800 ആയിരുന്നത് 2024-25-ൽ 75,000 ആയി വർധിച്ചു. |

| | | | |
|---|---|---|---|
| | | | സോഫ്റ്റ്‌വെയർ കയറ്റുമതി 2016-17-ൽ 3000 കോടി രൂപയായിരുന്നത് 2024-25-ൽ 11,486 കോടി രൂപയായി ഉയർന്നു. ഐ.ടി. സ്പേസ് 2016-17-ൽ 70 ലക്ഷം ചതുരശ്ര അടിയായിരുന്നത് 2024-25-ൽ 92.62 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. **സൈബർപാർക്ക്** 2016-17-ൽ 4 ആയിരുന്ന കമ്പനികളുടെ എണ്ണം 2024-25-ൽ 80 ആയി വർധിച്ചു. നേരിട്ടുള്ള തൊഴിലവസരങ്ങൾ 2016-17-ൽ 68 ആയിരുന്നത് 2024-25-ൽ 2300 ആയി വർധിച്ചു. സോഫ്റ്റ്‌വെയർ കയറ്റുമതി 2016-17-ൽ 2.97 കോടി രൂപയായിരുന്നത് 2024-25-ൽ 130 കോടി രൂപയായി ഉയർന്നു. ഐ.ടി. സ്പേസ് 2016-17-ൽ 12000 ചതുരശ്ര അടിയായിരുന്നത് 2024-25 ൽ 2.88 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. |
| (സി) | ഈ സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിലായി എഴുപതിനായിരത്തിലധികം പേർക്ക് പുതുതായി തൊഴിൽ നൽകാനായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മറുപടി (ബി) പാർട്ടിൽ ചേർത്തിട്ടുണ്ട് |
| (ഡി) | സംരംഭകരിൽ നിന്നും നയരൂപീകരണ തലത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഫീഡ്ബാക്ക് ശേഖരിച്ച് പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടികൾ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>വ്യവസായ പാർക്കുകളിലെയും എസ്റ്റേറ്റുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപയോക്താക്കളായ സംരംഭകരിൽ നിന്നും ഫീഡ്ബാക്ക് ശേഖരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഷ്കരണങ്ങളും നവീകരണങ്ങളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ